കാർഷികാവശ്യത്തിന് മണ്ണെണ്ണ

158 [1339] ശ്രീ. പി. രാജു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കൃഷിക്കാർക്ക് കാർഷികാവശ്യത്തിനു മണ്ണെണ്ണ ലഭിക്കുന്നതിനുള്ള പെർമിറ്റ് സമ്പ്രദായം ഇപ്പോഴും നിലവിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ കാർഷികാവശ്യത്തിനു മണ്ണെണ്ണ പെർമിറ്റ് നൽകുന്നതിന്റെ മാനദണ്ഡം വ്യക്തമാക്കുമോ;

(സി) നാളിതുവരെ സംസ്ഥാനത്ത് മണ്ണെണ്ണ പെർമിറ്റ് നൽകിയിട്ടുള്ള കർഷകരുടെ ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ;

(ഡി) പെർമിറ്റ് ലഭിക്കുന്നത് സംബന്ധിച്ച് കർഷകരിൽ നിന്നും എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിൻമേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്, പ്രധാനമായും കേരളത്തിന്റെ വടക്കൻ ജില്ലകളായ തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർകോട് എന്നീ ജില്ലകളിൽ ഡിസംബർ മുതൽ മേയ് വരെയുള്ള ആറു മാസങ്ങളിൽ കാർഷികാവശ്യത്തിനുവേണ്ടി മണ്ണെണ്ണ പെർമിറ്റ് നൽകാറുണ്ട്.

(ബി) അപേക്ഷകൻ സ്വന്തമായി മണ്ണെണ്ണ കൊണ്ട് പ്രവർത്തിക്കുന്ന ഒരു പമ്പ്സെറ്റ് ഉണ്ടായിരിക്കണം. കൃഷി ചെയ്യുന്ന ഭൂമിയുടെ വിവരം, വിസ്തീർണ്ണം എന്നീ വിവരങ്ങൾ കാണിച്ചുകൊണ്ടുള്ള ബന്ധപ്പെട്ട കൃഷി വകുപ്പ് ഉദ്യോഗസ്ഥന്റെ സർട്ടിഫിക്കറും മണ്ണെണ്ണ അനുവദിച്ചു കിട്ടണം എന്ന ശുപാർശയോടൊപ്പം നിർദ്ദിഷ്ട ഫാറത്തിൽ ഉള്ള അപേക്ഷ സമർപ്പിക്കപ്പെടുന്ന മുറയ്ക്ക് ലഭ്യതയുടെ അടിസ്ഥാനത്തിൽ മണ്ണെണ്ണ അനുവദിച്ചുകൊടുക്കാറുണ്ട്.

(സി) ഇപ്പോൾ ജില്ലാ അടിസ്ഥാനത്തിൽ നിലവിലുള്ള മണ്ണെണ്ണ പെർമിറ്റുകളുടെ എണ്ണവും അനുവദിച്ചിട്ടുള്ള അളവും ചുവടെ ചേർക്കുന്നു:

ജില്ല	പെർമിറ്റുകളുടെ എണ്ണം	അനുവദിച്ച മണ്ണെണ്ണയുടെ അളവ്	
(1) തിരുവനന്തപുരം	3	200	ലിറ്റർ
(2) പത്തനംതിട്ട	2	40	,,
(3) ആലപ്പുഴ	1076	48354	,,
(4) കോട്ടയം	13	240	,,
(5) എറണാകുളം	34	1083	,,
(6) തൃശ്ശൂർ	9558	82380	,,
(7) പാലക്കാട്	2209	21300	,,
(8) മലപ്പുറം	11992	207994	,,
(9) കോഴിക്കോട്	2418	46000	,,
(10) വയനാട്	4	78	,,
(11) കണ്ണൂർ	3573	60608	,,
(12) കാസർകോട്	15118	869389	,,

LIBRARY ARCHIVES Kerala Legislative Assembly

(ഡി) മണ്ണെണ്ണയുടെ തോത് വർദ്ധിപ്പിക്കണമെന്നല്ലാതെ കർഷകരിൽനിന്നും മറ്റ് പരാതികളൊന്നുംതന്നെ ലഭിച്ചതായി കാണുന്നില്ല.

പവർകട്ട് പ്രമാണിച്ച് കൂടുതൽ മണ്ണെണ്ണ

159 [1340] ശ്രീ. തമ്പാനൂർ രവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ പവർകട്ട് ഏർപ്പെടുത്തിയത് പരിഗണിച്ച് പൊതുവിതരണത്തിനുള്ള മണ്ണെണ്ണയുടെ അളവ് വർദ്ധിപ്പിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) ഇല്ലെങ്കിൽ ഇതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) വൈദ്യുതീകരിച്ച വീടുള്ള കാർഡുടമകൾക്ക് ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ നിലവിലുള്ള തോതായ 2 ലിറ്റർ എന്നുള്ളത് മൂന്നുലിറ്ററായി ഉയർത്തി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) ചോദ്യം ഉദിക്കുന്നില്ല.

മൽസ്യ ബന്ധനത്തിലേർപ്പെട്ടിരിക്കുന്നവർക്ക് മണ്ണെണ്ണ

160 [1341] ശ്രീ. വി. കെ. ബാബു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെമ്മീൻകെട്ട് നടത്തി മൽസ്യബന്ധനത്തിലേർപ്പെട്ടിരിക്കുന്നവർക്ക് റേഷൻ വിലയ്ക്ക് മണ്ണെണ്ണ ലഭ്യമാക്കുന്നില്ലെന്ന പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇവർക്ക് മണ്ണെണ്ണ നൽകുന്നതിനുള്ള എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) ചെമ്മീൻകെട്ടുകാർക്ക് മണ്ണെണ്ണ നൽകാതിരിക്കാനുള്ള കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി, സി) കേന്ദ്രത്തിൽനിന്നും പൊതുവായും വിതരണത്തിനു വേണ്ടി നൽകുന്ന മണ്ണെണ്ണ വിളക്ക് കത്തിക്കുവാനും പാചകാവശ്യത്തിനും മാത്രമേ ഉപയോഗിക്കാവൂ എന്ന് കേന്ദ്ര ഗവൺമെന്റിന്റെ കർശനമായ നിർദ്ദേശം ഉള്ളതിനാലും കേന്ദ്ര വിഹിതമായി കിട്ടുന്ന മണ്ണെണ്ണയുടെ അലോട്ട്മെന്റ് കൂടാതിരിക്കുകയും ചെയ്യുന്ന സാഹചര്യത്തിലാണ് ഗാർഹികാവശ്യങ്ങൾക്കും അല്ലാതെയുള്ള ആവശ്യത്തിനും മണ്ണെണ്ണ നൽകുന്നതിൽ നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly